# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1552** **04-10-2016-ൽ മറുപടിയ്ക്ക്**

## നികുതി പിരിവ്

| | ചോദ്യം<br>ശ്രീ. അബ്ദുൽ ഹമീദ്. പി. | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | 2015-16 സാമ്പത്തിക വർഷം ആഗസ്റ്റ് മാസം വരെയുള്ള നികുതി വരുമാനം 14934.80 കോടി രൂപയായിരുന്നു. നടപ്പ് വർഷം ഇത് 16063.82 കോടി രൂപയാണ്. 2015-16 സാമ്പത്തിക വർഷം ആഗസ്റ്റ് മാസംവരെയുള്ള കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2016-17 സാമ്പത്തിക വർഷം ആഗസ്റ്റ് മാസം വരെ തനത് നികുതി വരുമാനത്തിൽ 1129 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിന്റെ വളർച്ചാ നിരക്ക് 7.56 ശതമാനമാണ്. |
| (ബി) | ഉണ്ടെങ്കിൽ വരുമാന വർദ്ധനവിന്റെ ശതമാനം എത്രയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കുടിശ്ശിക നികുതി പിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും ഇതുവരെ എത്ര പിരിച്ചെടുത്തുവെന്നും വ്യക്തമാക്കുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാണിജ്യ നികുതി വകുപ്പിലെ കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നതിനായി ട്രൈബ്യൂണൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുകയും റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കുന്നതിനും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപ്പീൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിലേയ്ക്ക് 4 ഡെപ്യൂട്ടി കമ്മീഷണർമാരുടെയും 12 അസിസ്റ്റന്റ് കമ്മീഷണർമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>പിരിച്ചെടുത്ത തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ വകുപ്പിൽ 01/04/2010-ന് മുൻപ് രജിസ്റ്റർ ചെയ്തതും ഒരേക്കറിൽ താഴെ വിസ്തീർണമുള്ളതുമായ വസ്തുക്കളെ സംബന്ധിച്ച കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഒറ്റത്തവണ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 2010 മാർച്ച് വരെയുള്ള ഫ്ലാറ്റുകളുടെ അണ്ടർ വാല്യുവേഷൻ നടപടികൾ തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആയതിലൂടെ 1445 കേസുകളിൽ നിന്നായി 29,42,053/- രൂപ പിരിച്ചെടുത്തിട്ടുണ്ട്.<br><br>എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കുവാനും ബോട്ട്-ഇൻ-ലാന്റ് ആയി സർക്കാർ ഏറ്റെടുത്തിട്ടുള്ള വസ്തുവകകളുടെ ന്യായവില നിശ്ചയിച്ച് കുടിശ്ശികയിൽ വരവ് വച്ച് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക പിരിവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവിലുള്ള കേസുകളിൽ അടിയന്തിരമായി തീർപ്പ് കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക ഉള്ള മുതൽ തുക 66,04,04,717/- രൂപയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 55,02,870/- രൂപ അബ്കാരി കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്.<br><br>ലാൻഡ് റവന്യൂ ഇനങ്ങളിലും, റവന്യൂ റിക്കവറി ഇനങ്ങളിലും പിരിവ് പുരോഗതി വിലയിരുത്തുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും താലൂക്ക് അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർമാർക്ക് ചാർജ്ജ് നൽകുന്നതിനും, ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് വാങ്ങി പരിശോധിച്ച് വീഴ്ച വരുത്തിയ താലൂക്ക് തഹസീൽദാർ, വില്ലേജ് ഓഫീസർമാർ, റവന്യൂ റിക്കവറി തഹസീൽദാർ എന്നിവരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനും, ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ കൂടി ഉൾപ്പെടുത്തുന്നതിനും, സ്റ്റേ വെക്കേറ്റ് ചെയ്യുന്ന വിഷയത്തിൽ ലോ ഓഫീസറുടെ സേവനംകൂടി ലഭ്യമാക്കി |

| | | | |
|---|---|---|---|
| | | | തുടർനടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ കുടിശ്ശികയുള്ള തുകയും, 2016-17 സാമ്പത്തിക വർഷത്തെ മുതലും കൂടി ഉൾപ്പെട്ടുള്ള ആകെ മുതലിൽ 2016 ആഗസ്റ്റ് മാസം വരെ ലാൻഡ് റവന്യൂ ഇനങ്ങളിൽ 97.74 കോടി രൂപയും റവന്യൂ റിക്കവറി ഇനങ്ങളിൽ 183.49 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്.<br><br>മോട്ടോർ വാഹന വകുപ്പിൽ വാഹനപരിശോധനയിലൂടെയും റവന്യൂ റിക്കവറിയിലൂടെയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2016 ഏപ്രിൽ മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ മോട്ടോർ വാഹന വകുപ്പ് 8,26,54,781/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.